ചോ:

# "എന്തുകൊണ്ടു ഞാൻ പുതിയ നിയമ സഭയിലെ ഒരംഗമായി തീരണം?"

## ഉത്തരം:

നിങ്ങൾക്ക് പുതിയനിയമസഭയിൽ അംഗമാകണമെന്നുണ്ടെങ്കിൽ, അതിനു വ്യക്തവും നിർബന്ധവുമായ ചില കാരണങ്ങൾ വേണം. കൂടാതെ, പുതിയനിയമ ക്രിസ്ത്യാനിയായി തീരേണ്ടതിനു സാധൂകരിക്കാനാകാത്ത ചില ആശയങ്ങളും നിങ്ങൾ പരിഗണിക്കുന്നുണ്ടാകാം.

**മതിയാകാത്ത കാരണങ്ങൾ**

സഭയിൽ അംഗമാകേണ്ടതിനു ചിലപ്പോൾ പറയുന്ന കാരണങ്ങൾ അപര്യാപ്തമാണ്. നിങ്ങൾ നമ്മുടെ കർത്താവിന്റെ സഭയിൽ അംഗമായി തീർന്നത് സമൂഹത്തിൽ പ്രചാരമുള്ളത് ആയതുകൊണ്ടാണ് എന്നു പറഞ്ഞാൽ, നിങ്ങൾ വാസ്തവത്തിൽ ക്രിസ്തുവിന്റെ അനുയായി അല്ല. ചിലപ്പോൾ കർത്താവിന്റെ സഭ പ്രചാരമുള്ളതായേക്കാം, "സകലജനത്തിന്റെയും കൃപ അനുഭവിക്കുകയും ചെയ്തു" (പ്രവൃത്തികൾ 2:47); എന്നാൽ മിക്കപ്പോഴും, തിന്മ പ്രചാരത്തിലാകുകയും നമ്മുടെ കർത്താവിന്റെ സഭ മുങ്ങിപ്പോകുകയും ചെയ്യാറുണ്ട്. "സർവ്വലോകവും ദുഷ്ടന്റെ അധീനതയിലാണ്" (1 യോഹന്നാൻ 5:19). അതുകൊണ്ടു, നിങ്ങൾ കർത്താവിന്റെ സഭയുടെ താല്ക്കാലിക പ്രചാരം കണ്ടുകൊണ്ടു നിങ്ങളുടെ മതത്തെ തിരഞ്ഞെടുത്താൽ, നിങ്ങൾ തെറ്റിദ്ധരിക്കപ്പെട്ടിരിക്കയാണ്.

നിങ്ങളുടെ വ്യാപാരത്തിന് അതു സഹായകരമാണെന്നോ അല്ലെങ്കിൽ സാമ്പത്തികമായി നിങ്ങൾക്കു അതു പ്രയോജനം ചെയ്യുമെന്നോ വിചാരിച്ച് ക്രിസ്ത്യാനിയായി തീരുവാൻ പ്രേരിപ്പിക്കപ്പെട്ടാൽ, അതു തെറ്റായ വഴിയാണ്. അത്തരം പരിശ്രമത്താൽ ഒരിക്കലും ഒരാൾ ക്രിസ്ത്യാനിയായി തീരുന്നില്ല; അയാൾക്ക് അനുസരണത്തിന്റെ ഒരു രൂപത്തിലൂടെ കടന്നുപോകാൻ മാത്രമേ കഴിയൂ. അയാളുടെ പ്രവൃത്തികൾ മറ്റുള്ളവരെ കബളിപ്പിച്ചേക്കാം, എന്നാലും ദൈവത്തിനു അയാളുടെ ഹൃദയത്തിന്റെ അവസ്ഥ അറിയാം. അത്തരം ലക്ഷ്യം വച്ചുപുലർത്തുന്ന അയാൾ തന്റെ പേർ ഒരു സഭയുടെ ഹാജർ ബുക്കിൽ പേർ ചേർത്തേക്കാം, എന്നാൽ ജീവപുസ്തകത്തിൽ കാണുകയില്ല.

നിങ്ങൾ സഭയിൽ അംഗമാകുന്നതിനുള്ള, മറ്റൊരു ശരിയല്ലാത്ത കാരണം, വൈകാരികമാണെങ്കിലും, നിങ്ങളുടെ ബന്ധുക്കൾ സഭയിൽ അംഗങ്ങളായതുകൊണ്ടാണ് എന്നതാണ്. നിങ്ങൾ നിങ്ങളുടെ അമ്മയെ സ്നേഹിക്കുന്നില്ലെങ്കിൽ നിങ്ങൾ എന്തായി തീരേണമോ അതാകുന്നില്ല. എങ്ങനെയായാലും, മതപരമായ തീരുമാനങ്ങൾക്ക് നിങ്ങൾ അവളെ അനുവദിക്കുന്നുവെങ്കിൽ, "അമ്മയെ ആരാധിക്കൽ" എന്നുവിളിക്കുന്ന ഒരു വിഗ്രഹാരാ

ധകനായി തീരുകയാണ് നിങ്ങൾ. യേശു പറഞ്ഞതിനെ നോക്കുക:

> "ഞാൻ ഭൂമിയിൽ സമാധാനം വരുത്തുവാൻ വന്നു എന്നു നിരൂപിക്കരുത്; സമാധാനമല്ല, വാളത്രെ വരുത്തുവാൻ ഞാൻ വന്നത്. മനുഷ്യനെ തന്റെ അപ്പനോടും, മകളെ അമ്മയോടും, മരുമകളെ അമ്മാവിയമ്മയോടും ഭേദിപ്പിപ്പാനത്രെ ഞാൻ വന്നത്; മനുഷ്യന്റെ വീട്ടുകാർ തന്നെ അവന്റെ ശത്രുക്കൾ ആകും. എന്നേക്കാൾ അധികം അപ്പനെയോ അമ്മയെയോ പ്രിയപ്പെടുന്നവൻ എനിക്കു യോഗ്യനല്ല; എന്നേക്കാൾ അധികം മകനെയോ മകളെയോ പ്രിയപ്പെടുന്നവൻ എനിക്കു യോഗ്യനല്ല (മത്തായി 10:34-37).

നിങ്ങളുടെ ഒരു സ്നേഹിതനോ അല്ലെങ്കിൽ പ്രിയപ്പെട്ട ഒരാളോ നിങ്ങളോട്, "നിങ്ങൾക്കു ഒരു സഭ വേണം, സഭക്കു നിങ്ങളേയും വേണം" എന്നു പറഞ്ഞാൽ, അയാൾ പറഞ്ഞതിൽ പകുതി മാത്രമേ ശരിയാകുന്നുള്ളൂ. ശരിയാണ്, നിങ്ങൾക്കു സഭ വേണം; എന്നാൽ ദൈവത്തിന്റെ സഭക്കു ഒരു വ്യക്തിയെയും ആവശ്യമില്ല. നിങ്ങൾ അംഗമായിതീർന്നു സഭക്കു ഉപകാരം ചെയ്യുന്നു എന്നു ധരിച്ചാൽ, നിങ്ങൾ ക്രിസ്ത്യാനിയായി തീരുവാൻ തയ്യാറായിട്ടില്ല എന്നർത്ഥം. ദൈവരാജ്യത്തിലുള്ളവരുടെ താഴ്മയുമായി ആ മനോഭാവത്തിനു ഒരു ബന്ധവുമില്ല. നിങ്ങൾ ജനിക്കുന്നതിനു രണ്ടായിരം വർഷങ്ങൾക്കു മുൻപു തന്നെ ക്രിസ്തുവിന്റെ സഭയുണ്ടായിരുന്നു, നിങ്ങൾ അതിൽ അംഗമായില്ലെങ്കിലും അതു തുടരുകതന്നെ ചെയ്യും.

### മതിയായ കാരണങ്ങൾ

പടിഞ്ഞാറു കിഴക്കുനിന്നകന്നിരിക്കുന്നതുപോലെ, ക്രിസ്ത്യാനിയും അ-ക്രൈസ്തവനും തമ്മിൽ അന്തരമുണ്ട്. ചെറിയ അളവിലായാലും, ഒരിക്കൽ നിങ്ങൾ ആ വ്യത്യാസം മനസിലാക്കിയാൽ, അവന്റെ സഭയിൽ അംഗമായി തീരേണ്ടതിനും അവനെ അനുസരിക്കേണ്ടതിനും, ഒരു മണിക്കൂർ പോലും കാത്തിരിക്കയില്ല.

താഴെ കൊടുത്തിരിക്കുന്ന വ്യത്യാസങ്ങൾ പരിഗണിക്കുക:

| **ക്രിസ്ത്യാനികൾ** | **അ-ക്രൈസ്തവർ** |
|---|---|
| സഹപൗരന്മാർ | അന്യന്മാർ |
| ദൈവത്തിന്റെ സ്നേഹിതന്മാർ | ദൈവത്തിന്റെ ശത്രുക്കൾ |
| വിശുദ്ധന്മാർ | പാപികൾ |
| ക്രിസ്തുവിൽ ജീവിക്കുന്നവർ | പാപത്തിൽ മരിക്കുന്നവർ |
| അവന്റെ അത്ഭുതപ്രകാശത്തിൽ | അന്ധകാരത്തിന്റെ ശക്തിയിൽ |
| ദൈവത്തിന്റെ സംരക്ഷണത്തിൽ | സാത്താന്റെ ശക്തിയിൽ |

പാപത്തിൽ മരിക്കുക എന്നതു എത്ര ഭയങ്കരമാണ്! പ്രത്യാശയില്ലാതെ, ക്രിസ്തുവിനെകൂടാതെ, ദൈവത്തെകൂടാതെ ജീവിക്കുന്നതു എത്ര അപകടകരമാണ്! "യഹോവേ, എന്റെ അവസാനത്തെയും എന്റെ ആയുസ് എത്ര എന്നതിനേയും എന്നെ അറിയിക്കേണമേ; ഞാൻ എത്ര ക്ഷണികൻ എന്നു അറിയുമാറാകട്ടെ" (സങ്കീർത്തനങ്ങൾ 39:4). നിങ്ങൾ ഇരുട്ടിന്റെ അധികാര

ത്തിലും പിശാചിന്റെ ആധിപത്യത്തിലും ആണെന്നത് എത്ര ശൂന്യമായ അവസ്ഥയാണ്! നിങ്ങൾ സർവ്വശക്തനായ പിതാവിന്റെ ശക്തിയിൻകീഴിലാണെന്നു ഒന്നു ഊഹിക്കുക. നിങ്ങൾ ക്രിസ്ത്യാനി ആയി തീരുമ്പോൾ, നിങ്ങൾ ക്രിസ്തുവിനോടുകൂടെ ദൈവത്തോടൊപ്പം മറഞ്ഞിരിക്കും, നിങ്ങൾ അവിടെത്തന്നെ ഇരിക്കുവാൻ ആഗ്രഹിച്ചാൽ ആരും നിങ്ങളെ അവിടെനിന്നു പിടിച്ചുമാറ്റുകയില്ല.

ആ വ്യത്യാസങ്ങൾ നിങ്ങൾക്കു ദൈവത്തെ അനുസരിക്കുവാൻ സഹായകരമാകുന്നില്ലെങ്കിൽ, തള്ളിക്കളയുവാൻ പ്രയാസമുള്ള കാരണങ്ങൾ വേറെയുമുണ്ട്.

## നന്ദി നിമിത്തം

മറ്റൊരു കാരണവുമില്ലെങ്കിൽ, നന്ദി നിമിത്തം നിങ്ങൾ സൃഷ്ടികർത്താവിനെ സേവിക്കും. കരുണയുള്ളവൻ നിങ്ങൾക്കു ജന്മം നല്കി-അതിൽ നിങ്ങൾക്ക് എന്തു പങ്കാണുള്ളത്? മഹത്തായ സുന്ദരമായ ലോകത്തിലേക്ക് ഒരു പ്രധാനപ്പെട്ട ആൾ ദയയോടെ നിങ്ങളെ കൊണ്ടുവന്നു – അതിൽ നിങ്ങൾക്ക് എന്തു പങ്കാണുള്ളത്? നിങ്ങളുടെ എല്ലാ സന്തോഷവും വെളിച്ചങ്ങളുടെ പിതാവിൽനിന്നാണ്, അവനു വികാരമോ ഗതിഭേദത്താലുള്ള ആച്ഛാദനമോ ഇല്ല (യാക്കോബ് 1:17). ദൈവത്തിന്റെ അപ്പം ഭക്ഷിക്കുകയും അവന്റെ വായു ശ്വസിക്കുകയും ചെയ്തുകൊണ്ട്, അവനോടു നിങ്ങൾക്ക് മൽസരിക്കാമോ? സൂര്യോദയത്തിൽ ദൈവത്തിന്റെ കരവിരുതിനാൽ നടത്തുന്ന ചിത്രരചന കണ്ടിട്ടു അല്ലെങ്കിൽ ദൈവനിർദ്ദേശ മർമ്മരശബ്ദം മരങ്ങളിൽനിന്നു കേട്ടിട്ടു, ദൈവം നിങ്ങളാട് ആവശ്യപ്പെടുന്നതു നിങ്ങൾ ചെയ്യാതിരിക്കാമോ? ഒരാൾ ദൈവത്തിന്റെ അനുഗ്രഹങ്ങൾ ആസ്വദിച്ചശേഷം ഒരു ക്രിസ്ത്യാനിയായിക്കൊണ്ടു അവനെ അനുസരിക്കുവാൻ വിസമ്മതിക്കുന്നത് നന്ദികേടല്ലേ? അവനെ അനുസരിക്കുക എന്നതു ചെറിയ തോതിൽ, “നിനക്കു നന്ദി” എന്നു പറയുന്നതാണ്. എന്നാൽ പോലും, നാം യോഗ്യതയില്ലാത്ത ദാസന്മാരത്രേ.

അവനെ തരംതാഴ്ത്തുവാനെന്നപോലെ അവന്റെ താല്ക്കാലിക അനുഗ്രഹങ്ങൾക്കു നിങ്ങൾ നന്ദിയില്ലാത്തവരാകുകയാണെങ്കിൽ, തീർച്ചയായും നിങ്ങൾ മശിഹയുടെ നുറുക്കപ്പെട്ട് രക്തം-പുരണ്ട ശരീരത്തെ നോക്കുമ്പോൾ, അവനെ തള്ളിക്കളയുവാൻ കഴിയുകയില്ല. എന്തുകൊണ്ടാണ് അവന്റെ മുഖം ക്ഷീണിച്ചത്, അവന്റെ ജഡം രക്തത്താൽ-മലിനപ്പെടുത്തിയത്? അവൻ എന്തു തെറ്റാണ് ചെയ്തത്? “തീർച്ചയായും സാക്ഷാൽ നമ്മുടെ വേദനകൾ അവൻ സഹിച്ചു, നമ്മുടെ ദുഖങ്ങളെ അവൻ ചുമന്നു” (യെശയ്യാവു 53:4). വാസ്തവത്തിൽ, ക്രിസ്തുവിന്റെ സ്നേഹം നിങ്ങളെ നിർബ്ബന്ധിക്കണം: “ക്രിസ്തുവിന്റെ സ്നേഹം, ഞങ്ങളെ നിർബ്ബന്ധിക്കുന്നു, എല്ലാവർക്കും വേണ്ടി ഒരുവൻ മരിച്ചിരിക്കെ, എല്ലാവരും മരിച്ചു'' (2 കൊരിന്ത്യർ 5:14). അതുകൊണ്ട്, ഇനി നിങ്ങൾ നിങ്ങൾക്കുവേണ്ടിയല്ല, നിങ്ങൾക്കു വേണ്ടി മരിച്ചുയർത്തവന്നായിട്ടു വേണം ജീവിക്കുവാൻ.

നന്ദിയുള്ള ഹൃദയം നിങ്ങളെ ക്രിസ്തുവിനെ അനുസരിക്കുവാൻ ഉത്തേജിപ്പിക്കുന്നില്ലെങ്കിൽ, മറ്റുള്ളവർക്കു ലഭിക്കാത്തതും, ക്രിസ്ത്യാനികൾക്കു മാത്രം ലഭിക്കുന്നതുമായ ധനികമായ അനുഗ്രഹങ്ങളെ നോക്കുക. ഭൗതികമായ അനുഗ്രഹങ്ങൾ ഭക്തിയുള്ള വിശുദ്ധന്മാർക്കെ ന്നപോലെ പാപികൾക്കും ലഭിക്കുന്നുണ്ട്, എന്നാൽ ആത്മികമായ അനുഗ്രഹങ്ങൾ “വിശുദ്ധന്മാർ എന്നു

വിളിക്കുന്നവർക്കാണ്" (1 കൊരിന്ത്യർ 1:2; കെജെവി), അതായതു അവന്റെ സഭയിലെ അംഗങ്ങൾക്ക്. നിങ്ങൾ ദൈവപുത്രനോടു തുറന്ന മൽസരത്തിലായിരിക്കുമ്പോഴും നിങ്ങളുടെ പുരയിടത്തിൽ മഴ പെയ്യും, പക്ഷെ നിങ്ങൾ ക്രിസ്ത്യാനി ആയിതീരാതെ ഒരിക്കലും നിങ്ങളുടെ ആത്മാവു ശുദ്ധീകരിക്കപ്പെട്ടു വെടിപ്പുള്ളതായി തീരുകയില്ല: "നിങ്ങൾ മാനസാന്തരപ്പെട്ടു, നിങ്ങളുടെ പാപമോചനത്തിനായി യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ'' (പ്രവൃത്തികൾ 2:38). നിങ്ങളുടെ ആയുഷ്ക്കാലം മുഴുവൻ നിങ്ങൾ ദൈവത്തോടു ശത്രുതയിൽ ജീവിച്ചാലും സൂര്യപ്രകാശം നിങ്ങളുടെ ജീവിതത്തിനു പുതുമയും ഉത്സാഹവും പകരും, പക്ഷെ, പരിശുദ്ധാത്മാവു എന്ന ദാനം, ക്രിസ്തുവിന്റെ സുവിശേഷം അനുസരിക്കുന്നതുവരെ നിങ്ങൾക്കു ലഭിക്കുകയില്ല. നിങ്ങൾക്ക് ഇവിടെ ഒരു വീട് പണിതു എല്ലാസമയവും ക്രൂരമായി ജീവിതം നയിക്കാം, എന്നാൽ സ്വർഗത്തിലുള്ള നിലനില്ക്കുന്ന ഭവനം ദൈവമക്കൾക്കു മാത്രമാണ് ലഭിക്കുന്നത്. നിലനില്ക്കുന്നവ ക്രിസ്ത്യാനികൾക്ക് മാത്രമുള്ളതാണ്. തോട്ടം തിന്നുപോകും, സൂര്യപ്രകാശം ക്ഷയിച്ചുപോകും, വീടുകൾ പഴയതാകും; എന്നാൽ പാപമോചനവും, ദൈവത്തിന്റെ ആത്മാവു എന്ന ദാനവും, അമർത്യമായ തേജസ്സിന്റെ പ്രത്യാശയും – എപ്പോഴും നിലനില്ക്കുകയും പുതുതായി തുടരുകയും ചെയ്യും. ഈ ലോകത്ത് ഏറ്റവും മുഖ്യമായവ അവയാണ്, ക്രിസ്ത്യാനികൾക്കല്ലാതെ മറ്റാർക്കും അവ ലഭിക്കുകയുമില്ല. നിഴലിൻതാഴ്വര ഒരു ദൈവപൈതലിനെ ഭയപ്പെടുത്തുന്നില്ല. ഒരു ക്രിസ്ത്യാനിക്കു കല്ലറയിലേക്കു നടന്നു പോയി മരണത്തെ കളിയാക്കിച്ചിരിച്ചുകൊണ്ടു, പരിഹാസത്തോടെ പറയാം: "ഹേ മരണമേ, നിന്റെ ജയം എവിടെ? ഹേ മരണമെ, നിന്റെ വിഷമുള്ള് എവിടെ?" (1 കൊരിന്ത്യർ 15:55). നമ്മുടെ കർത്താവായ യേശുക്രിസ്തുമൂലം വിജയം – ക്രിസ്ത്യാനികളായ നമുക്കു – നൽകുന്ന ദൈവത്തിനു സ്തോത്രം (1 കൊരിന്ത്യർ 15:57).

### അതു തിരുവെഴുത്തനുസരിച്ചുള്ളതു നിമിത്തം

കർത്താവായ യേശുക്രിസ്തുവിന്റെ സഭയിൽ അംഗമാകേണ്ടതിനുള്ള ഏറ്റവും നല്ല കാരണം എനിക്കറിയാവുന്നതു അതു തിരുവെഴുത്തിൽ വായിക്കുന്നുണ്ട് എന്നതാണ്. എനിക്കു, അതു പ്രാധാന്യമുള്ളതായി തോന്നുന്നു. ദൈവം തന്റെ വിശുദ്ധ ഗ്രന്ഥത്തിൽ പറഞ്ഞിട്ടില്ലാത്ത ഒരു സഭയിൽ ഞാൻ അംഗമായിരുന്നുവെങ്കിൽ ഞാൻ അതിൽ വിഷമിക്കുമായിരുന്നു. നിങ്ങൾ അംഗമായിരിക്കുന്ന സഭയെക്കുറിച്ചു ആരെങ്കിലും അതു തിരുവെഴുത്തിലുണ്ടോ എന്നു ചോദിച്ചാൽ, തിരുവെഴുത്തുകൾ മറിച്ച് നിങ്ങൾക്ക് ഇങ്ങനെ പറയുവാൻ സാധിക്കുമോ, "ഇവിടെയാണ് ഞാൻ അംഗമായിരിക്കുവാൻ കർത്താവു സൂചിപ്പിച്ചതായ സഭ ഉള്ളത്?" യേശുവിനുള്ള സഭയിൽ നിങ്ങൾ അംഗമാണെങ്കിൽ നിങ്ങൾക്ക് അതു കാണിച്ചു കൊടുക്കുവാൻ കഴിയും. മത്തായി 16:18-ൽ യേശു സംസാരിച്ചതു "എന്റെ സഭ"യെ കുറിച്ചാണ്. അവൻ "എന്റെ സഭകൾ" എന്നതിനെ കുറിച്ചല്ല പറഞ്ഞത്, പിന്നെയോ "എന്റെ സഭ" എന്നാണ്. അത്തരം ഒരു സ്ഥാപനം മാത്രമേ തിരുവെഴുത്തിൽ വെളിപ്പെടുത്തിയിട്ടുള്ളൂ. ഞാൻ അംഗമാകുവാൻ ആഗ്രഹിക്കുന്നതു ആ ബൈബിൾ സ്ഥാപനത്തിലാണ്. അതിനെ "ദൈവത്തിന്റെ സഭ" എന്നു വിളിച്ചിരിക്കുന്നു (പ്രവൃത്തികൾ 20:28; 1 കൊരിന്ത്യർ 1:2). ക്രിസ്ത്യാനികളുടെ പ്രാദേശിക സംഘങ്ങളെ "ക്രിസ്തുവിന്റെ സഭകൾ" എന്നു വിളിച്ചിരിക്കുന്നു (റോമർ

16:16). ബൈബിളിൽ പ്രത്യേകിച്ചു പറഞ്ഞിരിക്കുന്ന സഭയിൽ അംഗമാകുവാൻ നിങ്ങൾ ആഗ്രഹിക്കുന്നില്ലേ?[1] ന്യായവിധി നാളിൽ കർത്താവിനു മുമ്പാകെ നിന്നുകൊണ്ടു ഇങ്ങനെ പറയേണ്ടിവരുന്നതിൽ ഞാൻ ഭയപ്പെടുന്നു, "കർത്താവേ, ഞാൻ ഭൂമിയിലായിരുന്ന സമയത്തൊക്കെയും ബൈബിളിൽ പറഞ്ഞിട്ടില്ലാത്ത സഭയിൽ അംഗമായിരുന്നു."

യേശു പണിത സഭ സർവ്വദേശീയമാണ്, അതിനർത്ഥം അതിന്റെ ദൗത്യം ലോകവ്യാപകമാണെന്നു മാത്രം. നമ്മുടെ കർത്താവിന്റെ സഭ ഒരു "ബാപ്റ്റിസ്റ്റ്" സഭയാണ്, കാരണം അതു പാപികളെ സ്നാനപ്പെടുത്തൽ പരിശീലിക്കുന്നു. ബൈബിളിൽ വായിക്കുന്ന സഭ കാര്യങ്ങൾ ചെയ്യുന്നത് "ക്രമാനുഗതമായിട്ടാണ്," അതായതു ക്രമമായിട്ട്. ക്രിസ്തുവിന്റെ സഭയ്ക്കുള്ളത് ഒരു "പ്രെസ്ബിറ്റേസ്" (മൂപ്പന്മാരാലുള്ള) ഭരണസംവിധാനമാണ്. ദൈവത്തിന്റെ സഭ "ഇടവകയായിട്ടുള്ളതാണ്," കാരണം ഓരോ ഇടവകയും സ്വതന്ത്രമായി നിലനില്ക്കുന്നതും അതിന്റെ സ്വന്തം കാര്യങ്ങൾ മാത്രം നോക്കുന്നവയുമാണ്. പുതിയനിയമത്തിന്റെ രക്തത്താൽ-വാങ്ങിയ സഭ ഒരു "എപ്പിസ്കോപാലിയൻ" സഭയാണ്, കാരണം അതിനു ഓരോ ഇടവകക്കും ബിഷപ്പുമാരുണ്ട് (ഗ്രീക്ക്.: എപ്പിസ്കോപോയി). കർത്താവിന്റെ സ്ഥാപനം ഒരു "അഡ്വെന്റിസ്റ്റ്" സഭയാണ്, കാരണം അതു നിരന്തരമായി അവന്റെ വരവിനു വേണ്ടി കാത്തിരിക്കുന്നു. യേശുവിന്റെ സഭ സഹോദരന്മാരുടെ സഭയാണ്. അതു സഹോദരന്മാരാൽ യോജിപ്പിക്കപ്പെട്ടിരിക്കുന്നു. അതു "സുവിശേഷപ്രകാരം" ഉള്ളതാണ്, കാരണം അതു മിഷ്ണറി പ്രവർത്തനത്തിൽ വിശ്വസിക്കുന്നു. അതു സ്നേഹിതന്മാരുടെ ഒരു സമൂഹമാണ്. അത് ഒരു "വിശുദ്ധ" സഭയാണ്. അതു ക്രിസ്ത്യാനികളാൽ സംയോജിപ്പിച്ചതാണ്. എങ്ങനെയായാലും, പുതിയനിയമ സഭ ഒരിക്കലും അത്തരം പേരുകളിൽ അറിയപ്പെട്ടിരുന്നില്ല. അതുകൊണ്ടു അതിനെ 1600-വരെ അല്ലെങ്കിൽ അതിനുശേഷം നിലവിൽ വന്നിട്ടില്ലാത്ത നാമധേയ വിഭാഗങ്ങളാൽ അറിയപ്പെടരുത്.

യേശുവിന്റേതെന്ന് അവകാശപ്പെടുന്ന പുരുഷനിർമ്മിതവും സ്ത്രീനിർമ്മിതവുമായ നാമധേയവിഭാഗങ്ങളുണ്ട്. ഞാൻ അവയിൽ ഒന്നിലും അംഗമല്ല, അതിനെനിക്കാഗ്രഹവുമില്ല. അവയുടെ ആരംഭം ഭൂമിയിൽ നിന്നാണ്, അവയെ ബൈബിളിൽ വിവരിച്ചിട്ടില്ല, നമ്മുടെ കർത്താവിന്റെ രക്തം അവയെ വാങ്ങിയിട്ടുമില്ല. യേശുവിന്റെ രക്തത്താൽ വിലെക്കുവാങ്ങി നിർമ്മലമാക്കിയ, നാമധേയവിഭാഗരഹിതമായ സഭയ്ക്കുവേണ്ടിയും (പ്രവൃത്തികൾ 20:28) കർത്താവു വീണ്ടും വരുന്നതായ ആ ഏക സഭയെ സൂചിപ്പിച്ചിരിക്കുന്ന വിശുദ്ധമായ ബൈബിൾ ഭാഷയ്ക്കുവേണ്ടിയും ഞാൻ അപേക്ഷിക്കുകയാണ് (എഫെസ്യർ 5:23).

### അതു സ്വർഗ്ഗത്താൽ നയിക്കപ്പെട്ടതുനിമിത്തം

ഞാൻ എന്തുകൊണ്ടു ക്രിസ്തുവിന്റെ സഭയിൽ അംഗമായി എന്നതിന്റെ മറ്റൊരു നല്ല കാരണം അതിനു ഭൗതിക തലസ്ഥാനം ഇല്ല എന്നതാണ്. പൗലൊസു പറഞ്ഞതു ''നമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിലത്രെ'' (ഫിലിപ്പിയർ 3:20). അതുകൊണ്ടു, ഞാൻ ക്രിസ്തുവിന്റെ സഭയിലെ ഒരംഗമാണെങ്കിൽ, നിർദ്ദേശങ്ങൾക്കായി സാൾട്ട് ലേക്ക് സിറ്റിയിലേക്കോ, യുറ്റാ, ബോസ്റ്റൺ, മാസക്ച്ചുസറ്റ്സ്, അല്ലെങ്കിൽ റോം, ഇറ്റലി, എന്നീ സ്ഥലങ്ങളിലോ നോക്കുകയില്ല. അവന്റെ സഭയുടെ തല ക്രിസ്തുമാത്രമാണ്, അതിൽ

ഓരോ അംഗവും "യുക്തമായി ചേർന്നു, കർത്താവിൽ വിശുദ്ധമന്ദിരമായി വളരുന്നു, അവനിൽ നിങ്ങളെയും ദൈവത്തിന്റെ നിവാസമാകേണ്ടതിനു ആത്മാവിനാൽ ഒന്നിച്ചുപണിതുവരുന്നു" (എഫെസ്യർ 2:21, 22).

അവന്റെ സഭയുടെ വിശ്വാസപ്രമാണപുസ്തകം നിമിത്തം, യേശുവിനുള്ള സഭയായ, ക്രിസ്തുവിന്റെ സഭയിൽ ഞാൻ അംഗമായി തീർന്നു. അത് അവന്റെ സഭയാണ്. അതിന്റെ തല അവനാണ് (കൊലൊസ്യർ 1:18), അവന്റെ നിയമമാണ് അവനെ വാഴുന്നത്. അവനിലെ ആത്മാവാണ് വിശുദ്ധ മനുഷ്യരെ പുതിയനിയമം എഴുതുവാൻ പ്രേരിപ്പിച്ചതു. പുതിയനിയമമെന്ന ഏകവിശ്വാസപ്രമാണമാണ് യേശു തന്റെ സഭയ്ക്കു നൽകിയത്. നിങ്ങൾ അംഗമായിരിക്കുന്ന സഭയ്ക്കു ഒരു മാനുഷിക അച്ചടക്കമോ അല്ലെങ്കിൽ വിശ്വാസ ഏറ്റുപറച്ചിലോ ഉണ്ടെങ്കിൽ, അതു തീർച്ചയായും യേശുവിന്റെ സഭയല്ല.

### അതിന്റെ അന്തിമസ്ഥാനം നിത്യമായതുനിമിത്തം

ഞാൻ യേശുവിന്റെ സഭയിൽ അംഗമാകുവാനുള്ള മറ്റൊരു കാരണം അതു നശിക്കുവാനിടയില്ലാത്തതാണ് എന്നതുകൊണ്ടാണ്. എല്ലാ മാനുഷസ്ഥാപനങ്ങളും "വേരോടെ പിഴുതുപോകും" (മത്തായി 15:13), എന്നാൽ പാതാളഗോപുരങ്ങൾ പോലും സഭയെ ജയിക്കയില്ല (മത്തായി 16:18). എല്ലാ കാലത്തും, ലോകാവസാനം വരെ, ദൈവം യേശുവിന്റെ സഭയിൽ മഹത്വീകരിക്കപ്പെടും (എഫെസ്യർ 3:21).

### ക്രിസ്തു അതിന്റെ രക്ഷിതാവായി ഉള്ളതുനിമിത്തം

യേശുക്രിസ്തുവിന്റെ സഭയിൽ അംഗമായി തീരുവാൻ ഇതിനേക്കാൾ വലിയ കാരണം മറ്റൊന്നില്ല: അതിനുപുറത്തു രക്ഷയില്ല. നിങ്ങൾക്ക് നാമധേയവിഭാഗത്തിനു പുറത്ത് രക്ഷിക്കപ്പെടാം, എന്നാൽ നിങ്ങൾ ബൈബിളിൽ വായിക്കുന്ന സഭയ്ക്കുപുറത്ത് രക്ഷിക്കപ്പെടാൻ സാധ്യമല്ല. യേശുക്രിസ്തുവിന്റെ രക്തം കൂടാതെ നിങ്ങൾക്കു രക്ഷിക്കപ്പെടുവാൻ കഴിയുകയില്ല (മത്തായി 26:28). യേശുവിന്റെ ഓരോ തുള്ളി രക്തവും അവന്റെ സഭയ്ക്കു വേണ്ടിയാണ് പോയത് (പ്രവൃത്തികൾ 20:28). ഒരുദിവസം യേശുവരും, എന്നാൽ സഭയ്ക്കുപുറത്തുള്ളവരോടു പ്രതികാരം ചെയ്യുവാൻ കോപത്താലാണ് വരുന്നത്. സഭയിൽ അവിശ്വസ്തരായ അംഗങ്ങൾ ഉണ്ട് എന്നതു വാസ്തവമാണ്, അവരെ അവൻ മുള്ളും പറക്കാരയും ഉള്ള സ്ഥലത്തേക്കു തള്ളിക്കളയുന്നു (എബ്രായർ 6:8), അവസാനം അവർ തീയ്ക്കിരയാകുന്നു; എന്നാൽ അവന്റെ സഭയ്ക്കുപുറത്ത് ആർക്കും ഒരു രക്ഷയുമില്ല. തന്റെ നിക്ഷേപം സ്വീകരിക്കുവാൻ അവൻ വരുമ്പോൾ (മലാഖി 3:17), ആ നിക്ഷേപം എന്നത് അവന്റെ രക്തപ്രവാഹത്താൽ ശുദ്ധീകരിക്കപ്പെട്ടവരാണ്. അതു അവൻ എല്ലാവർക്കും അവകാശമുള്ളതാക്കുമെന്നു വാഗ്ദാനം നൽകിയിരിക്കുന്നു. യേശു "ശരീരത്തിന്റെ രക്ഷിതാവാണ്" (എഫെസ്യർ 5:23), "അവനെ സർവ്വത്തിന്നുംമീതെ തലയാക്കി എല്ലാറ്റിലും എല്ലാം നിറെക്കുന്നവന്റെ നിറവായിരിക്കുന്ന, അവന്റെ ശരീരമായ സഭയ്ക്കു കൊടുത്തിരിക്കുന്നു" (എഫെസ്യർ 1:22, 23).

### ഉപസംഹാരം

പുതിയനിയമസഭയിൽ അംഗമാകുന്നതിനുള്ള നല്ല കാരണങ്ങൾ അസം

ഖ്യമാണ്, ക്രിസ്ത്യാനികളുടെ മേൽ പകരുന്ന അനുഗ്രഹങ്ങളും അളവറ്റതാണ്. നിങ്ങൾക്ക് ദൈവം നൽകിയതായ അനുഗ്രഹങ്ങൾക്കു നിങ്ങൾ നന്ദിയുള്ളവരല്ലേ? അവൻ സ്ഥാപിച്ചതായ സഭയെ കുറിച്ചു തിരുവെഴുത്തുകളിൽ നിങ്ങൾ വായിച്ചിട്ടില്ലേ? നിങ്ങൾ നിങ്ങളുടേതായ വിശ്വാസപ്രമാണവും, രക്ഷകനും, ആ സഭയുടെ അന്തിമലക്ഷ്യവും സ്വന്തമായി അവകാശമാക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, നിങ്ങൾ ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയിലേക്ക് പ്രവേശിക്കേണ്ട സമയമായി.

നിങ്ങൾ ക്രിസ്തുയേശുവിനെ രക്ഷകനായും, ദൈവപുത്രനായും വിശ്വസിക്കുന്നുവെങ്കിൽ, പത്രൊസ് ചെയ്തതുപോലെ, ഏറ്റുപറയേണ്ട സമയമായി (മത്തായി 16:16; റോമർ 10:10 നോക്കുക). നിങ്ങൾ ക്രിസ്തുവിനുവേണ്ടി ജീവിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, നിങ്ങളുടെ പാപങ്ങളിൽനിന്ന് മാനസാന്തരപ്പെടുവാനും (പ്രവൃത്തികൾ 2:38) സ്നാനമേറ്റു പാപങ്ങളെ കഴുകികളയുവാനും സമയമായി (പ്രവൃത്തികൾ 22:16). പുതിയ നിയമസഭയുടെ അംഗമായി തീരുവാൻ നിങ്ങൾക്കു മതിയായ കാരണം ഉണ്ടോ?

---

കുറിപ്പ്

[1]വാസ്തവത്തിൽ, ബൈബിളിൽ പറഞ്ഞിരിക്കുന്ന സഭയ്ക്കു ഒരു പേരില്ല. നിങ്ങൾ "ജോണിന്റെ പട്ടി," എന്നു പറഞ്ഞാൽ നിങ്ങൾ പറയുന്നത് പട്ടിയുടെ പേരല്ല. നിങ്ങൾ "ശ്യാമിന്റെ ഭാര്യ," എന്നു പറഞ്ഞാൽ നിങ്ങൾ പറയുന്നത് അവളുടെ പേരല്ല. നിങ്ങൾ പറഞ്ഞത് അവളുടെ ഭർത്താവിന്റെ പേരാണ്, എന്നാൽ നിങ്ങൾ അവളുടെ പേർ പറഞ്ഞില്ല. നിങ്ങൾ "ക്രിസ്തുവിന്റെ സഭ," എന്നു പറഞ്ഞാൽ നിങ്ങൾ സഭയുടെ പേരല്ല പറഞ്ഞത് – സഭ ആർക്കുള്ളതാണ് എന്നത്രെ നിങ്ങൾ പറഞ്ഞത്. അതുകൊണ്ടു ബൈബിൾ സഭയ്ക്കു പേരില്ല.